ജനാ (കോപത്തോടെ) "അതെ. അതിന്നുതന്നെയാണ് ഞാൻ വന്നത്. നിങ്ങൾ രണ്ടാമതും വിവാഹംചെയ്യാൻ പുറപ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിഞ്ഞു. ഒരു ഭാൎയ്യയെകൊന്നതിന്നു തന്നെ നിങ്ങൾ ജയിൽശിക്ഷ അനുഭവിച്ചു. ഇനി ഒന്നുംകൂടി അനുഭവിപ്പാനാണൊ പുറപ്പാട്. പക്ഷെ രണ്ടാമതു വിവാഹം ചെയ്വാൻ ജനാർദ്ദനൻ ഉള്ളകാലം സമ്മതിക്കുന്നതല്ല. സ്ഥലംമാറിയതുകൊണ്ടു നിങ്ങളുടെ കള്ളി ആരും അറിയില്ലന്നാണൊ വിചാരം. (പല്ലുകടിച്ചുകൊണ്ടു്) നിങ്ങളല്ല നിങ്ങളുടെ ആദ്യത്തെ ഭാൎയ്യ ആയിരുന്ന എൻെറ സോദരിയെ കൊന്നത്!"

കരുണാ—(കോപത്തോടെ) "നിങ്ങളെങ്ങിനെയാണ് നിശ്ചയിച്ച വിവാഹത്തെ മുടക്കുന്നത്? നിങ്ങൾക്കിത്ര അഹമ്മതി ആയിപ്പോയൊ."

ജനാ—(കോപം സഹിക്കവയ്യാതെ) "ദുഷ്പ്രവൃത്തി ചെയ്താൽ ഇതിന്നപ്പുറവും ചെയ്യും. നിങ്ങളൊരു ജയിൽപുള്ളി ആണെന്നു നിങ്ങളുടെ മേലുദ്യോഗസ്ഥന്മാർ അറിഞ്ഞിട്ടില്ലായിരിക്കാം. ഞാൻ അവരെ ഇതറിയിച്ചു നിങ്ങളെ ഡിസ്സ്മിസ്സ് ചെയ്യിച്ചിട്ടില്ലെങ്കിൽ ഞാനാണല്ല."

ഇതുകേട്ടപ്പോൾ കരുണാകര മേനവൻെറ മനസ്സിൽ ആധിതുടങ്ങി. ക്രമേണ നല്ലവാക്കുകളെ ഉപയോഗിപ്പാൻ തുടങ്ങി.

കരുണാ— "I say Mr. ജനാർദ്ദനമേനോൻ Please Excuse, me. നിങ്ങൾ എന്നെ കുടുക്കിലാക്കരുതു്. നിങ്ങൾ പറയുന്നപോലെ ഞാൻ കേട്ടുകൊള്ളാം."

ജനാ—"നിങ്ങൾ ഒരൊററ കാൎയ്യം മാത്രം ചെയ്താൽ മതി. നിങ്ങളിപ്പോൾ വിവാഹംചെയ്വാൻ പോകുന്ന സ്ത്രീയുടെ അച്ഛനു, നിങ്ങൾക്കു അവളെ വിവാഹംചെയ്വാൻ സാധിക്കയില്ലെന്നു കാണിച്ചുംകൊണ്ടു ഒരെഴുത്തെഴുതണം."

കരുണാ—(വിചാരം)"ഇനിയെങ്കിലും ഈ പാപി എന്നെ വിട്ടൊഴിയുമായിരിക്കാം. ഞാൻ ഇപ്പോൾ ഇയാൾക്കു വഴിപ്പെട്ടില്ലെങ്കിൽ എന്റെ പണി "കുളത്തിലിറങ്ങും." വരുന്നൊതൊക്കെ വരട്ടെ."

കരുണാ—(വെളിവായിപറയുന്നു)"അതിനെന്താ പ്രയാസം. അതു എന്നോടു ആദ്യംതന്നെ പറയായിരുന്നില്ലെ."

ജനാ—"എന്നാൽ വേഗം എഴുതുക."

അതുപ്രകാരം കരുണാകരമേനോൻ പ്രഭാകരമേനവന്നു ഒരു എഴുത്തെഴുതി ജനാൎദ്ദനന്നു വായിച്ചുകേൾപ്പിച്ചുകൊടുത്തു.

ശ്രീ.

"ഓം നമോ ഭഗവതെ വാസുദേവായ"

എന്റെ പ്രിയപ്പെട്ട പ്രഭാകരമേനോൻ,

"നിങ്ങൾക്കു ഈ എഴുത്തുകാരണമായി എന്റെനേരെ വിരോധം തോന്നാതിരിക്കേണമെന്നു ഞാൻ പ്രാൎത്ഥിച്ചുകൊള്ളുന്നു. ഞാൻ രണ്ടുദിവസമായി കിടപ്പിലായിട്ടു്. വൈദ്യന്മാർ പ്രമേഹമാണെന്നും, സുഖപ്പെടുന്നകാൎയ്യം പ്രയാസമാണെന്നും ആണു് പറയുന്നതു. അതുകൊണ്ടു് എനിക്കു നിങ്ങളുടെ മകളെ എന്നുമാത്രമല്ല വേറെ ആരേയും വിവാഹം കഴിക്കാൻ സാധിക്കുന്നതല്ല. അതിനാൽ ഞാൻ നിങ്ങളോടു മാപ്പുചോദിക്കുന്നു. ബാക്കി വിവരം ഈ എഴുത്തു കൊണ്ടുവരുന്ന ആൾ പറയും. ഈ കാൎയ്യത്തെപ്പററി ആരെയും അറിയിക്കേണ്ട എന്നു എ പ്രഭാകരമേനവന്നു കെ. കരുണാകരമേനോൻ എഴുതിയതു്."

(ഒപ്പു്) കെ. കരുണാകരമേനോൻ

ജനാ—"ഓ, ഇതുമതി"

കരുണാ—"നിങ്ങൾക്കു വേണ്ടതെല്ലാം കിട്ടിയില്ലെ. ഇനി പോയിക്കൂടെ"

ജനാ—"Thank you, Good bye"

കരുണാ—"Good bye"

ജനാൎദ്ദനൻ കത്തു കയ്യിൽകിട്ടിയ ഉടനെ വളരെ ആനന്ദത്തോടുകൂടി അന്നു വൈകുന്നേരത്തെ വണ്ടിക്കുതന്നെ മടങ്ങി.

ജനാൎദ്ദനൻ പിറേറന്നു രാവിലെ ശുഭ്രവസ്ത്രങ്ങളെല്ലാം ധരിച്ചു പ്രഭാകരമേനവന്റെ വീട്ടിൽ എഴുത്തു കൊടുക്കുവാൻപോയി. അവിടെ വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം കണ്ടു താൻ ആശ്ചൎയ്യഭരിതനായി. നേരെ പ്രഭാകരമേനവന്റെ അടുക്കലേക്കു ചെന്നു. പ്രഭാകരമേനോൻ— "എവിടന്നാവരുന്നതു്? എന്താകയ്യില്?

ജനാ—ഇതൊരുഴുത്താണു്. ഇഞ്ചിനീയർ കരുണാകരമേനോൻ തന്നതാണു്.

പ്രഭാ—"ഫൊ, ഫോ നിങ്ങൾ അവിടന്നാവരുന്നതല്ലെ. ഇരിക്കൂ, ഇരിക്കൂ

(ഒരു കസാല വലിച്ചിട്ടുകൊണ്ടു) അദ്ദേഹത്തിന്നു വിശേഷിച്ചൊന്നുമില്ലല്ലോ" (എന്നു പറഞ്ഞു കത്തു വായിക്കുന്നു).

പെട്ടെന്നു അയാൾക്കൊരു കലികയറി ഇങ്ങിനെ പറഞ്ഞു.

പ്രഭാ—"എന്തു! നല്ല കാര്യം, നിശ്ചയമെല്ലാം കഴിഞ്ഞു, സകല ഒരുക്കങ്ങളും ചെയ്തു, അതിഥികളെയെല്ലാം ക്ഷണിച്ചു ഇപ്പോൾ മെല്ലെ മാറിനില്ക്കുകയാണോ"

ജനാ—"എന്താ ചെയ്യ, അദ്ദേഹത്തെ പറഞ്ഞിട്ടെന്താ കാര്യം. അയാൾക്കു സുഖക്കേടു കലശലാണ്. ഒരു സമയം വിവാഹം കഴിഞ്ഞു അയാൾ മരിച്ചുപോയാൽ സ്ത്രീ വളരെ ചെറുപ്പത്തിൽ തന്നെ വിധവയാകുമല്ലോ. അതു വിചാരിച്ചാണ് അയാൾ ഇപ്രകാരം എഴുതിയതു്."

പ്രഭാ—"ഇനി എന്താ പറഞ്ഞിട്ടു കാര്യം. എന്റെ പണം തുമ്പില്ലാതെ ചിലവഴിപ്പിച്ചില്ലെ. എനിക്കൊ പെൺകുട്ടിക്കു പകരം ഒരു ആൺകുട്ടി ഉണ്ടായാൽ എത്ര നന്നായിരുന്നു. ഹും! ഇങ്ങിനെ വരുമെന്നു ഞാൻ വിചാരിച്ചില്ല. ഇനി ഇപ്പോൾ ഒരു വരനെ കിട്ടാഞ്ഞാൽ എന്റെ പണം അനാവശ്യമായി പോവില്ലെ."

ജനാ—(വിചാരം) "എന്താണിപ്പോൾ വേണ്ടതു്. ഈയാളോടു തുറന്നുപറഞ്ഞാലോ. "ദേഷ്യം" മൂക്കിന്മേല്ലാണ്. ഏതായാലും പറകതന്നേ!!

ജനാ—(വെളിവിൽ) "കരുണാകരമേനോന്നു പകരം ഞാ—നാ—യാ—ൽ—

ജനാ-"നിങ്ങളുടെ Position എന്താ."

ജനാ—"ഞാൻ B. A.(Hons) നാണ് വായിക്കുന്നതു്. എന്റെ അച്ഛന്നു 400 ക. ശമ്പളമുണ്ട്. ഇതൊക്കെ പോരേ."

ഇതു കേട്ടപ്പോൾ പ്രഭാകരമേനോൻ ഒരു ദീർഘശ്വാസം വിട്ടു ഇപ്രകാരം ആലോചിച്ചു. "ഞാൻ ഇനി എന്താ വേണ്ടതു്, ഇയാൾക്കു തന്നെ കൊടുത്താലൊ. ഒരു B. A. (Hons) അല്ലെ. ഏതായാലും ഇനി വിധി വിധിച്ചപോലെ ഒക്കെ വരും. ഇയാൾക്കു തന്നെ കൊടുക്കാം" എന്നെല്ലാം വിചാരിച്ചു മനസ്സുറപ്പിച്ചു ഇപ്രകാരം ജനാർദ്ദനമേനവനോടു മറുപടി പറഞ്ഞു.

പ്രഭാ—"ഒ. എന്നാൽ അങ്ങിനെയാക്കാം. ഇനി ദിവസം അധികം നീട്ടേണ്ട. 14-ാംനു-ക്കുതന്നെ ആയിക്കോട്ടെ."

ജനാ—"ഓ, എന്നാൽ അന്നുതന്നെയാണ് നല്ലതു്. ക്ഷണക്കത്തിലും 14-ാംനു-ക്കാണെന്നല്ലേ വെച്ചിരിക്കുന്നതു്."

ഇതു പറഞ്ഞു ജനാർദ്ദനൻ പ്രഭാകരമേനോനെ പിരിഞ്ഞുപോയി. പോകുന്ന വഴിക്കും അയാൾ ഇങ്ങിനെ വിചാരിച്ചു "ആവൂ, എത്രകാലമായി ഞാൻ സരോജത്തെ സ്വപ്നത്തിൽ വിവാഹം ചെയ്യുതായി കാണുന്നു. അതു ശരിയായി വന്നുവല്ലോ. ഇനി എന്തായാൽ എന്താ. എന്റെ കാര്യം സാധിച്ചില്ലേ."

നേരം സന്ധ്യ ആവാറായി. ജനാർദ്ദനൻ സാധാരണപോലെ ഏഴു മണിയോടുകൂടി കുളക്കരയിലേക്കു പോയി. സരോജിനി അപ്പോൾ കുളിക്കയായിരുന്നു. അവൾ അവനെ കണ്ടഉടനെ ഇപ്രകാരം പറഞ്ഞു.

സരോ—"അ, നിങ്ങൾ കുറച്ചു ദിവസമായിട്ടെവിടെയായിരുന്നു."

ജനാ—എനിക്കു ഒരു കാൎയ്യത്തിൽ പ്രവേശിക്കേണ്ടതായി വന്നു. പൊടിപ്പൊടിച്ച വൎത്തമാനംകൊണ്ടാണ് ഞാൻ വന്നിട്ടുള്ളതു്. നീ ഇനി വ്യസനിക്കേണ്ട. ഞാൻ പറയുന്നതെല്ലാം കേൾക്കു."

സരോ—"അതെന്താ, കേൾക്കട്ടെ, കേൾക്കട്ടെ.

ജനാ—"നീ എന്നെ വിവാഹം ചെയ്വാൻ പോകുന്നുണ്ടെന്നുള്ളതുതന്നെ."

സരോ—"നിങ്ങൾ എന്നെ സന്തോഷിപ്പിക്കുവാൻവേണ്ടി സാന്ത്വന വാക്കുകൾ പറകയാണല്ലേ. ഞാനതൊന്നും വിശ്വസിക്കില്ല."

ജനാ—വെറും സത്യം, ഞാനാണ് നിന്നെ വിവാഹം ചെയ്വാൻ പോണ്.

ഇതു കേട്ടപ്പോൾ സരോജത്തിന്നുണ്ടായ സന്തോഷം ഇത്രയാണെന്നു വായനക്കാൎക്കുതന്നെ ഊഹിക്കാമല്ലോ. ജനാൎദ്ദനൻ നടന്ന സംഭവങ്ങളെല്ലാം വ്യക്തമായി പറഞ്ഞുകൊടുത്തു. അതിന്നുശേഷം അവർ 14-ാംനു കാണാമെന്നും പറഞ്ഞു പിരിഞ്ഞു. സരോജിനിയുടെ മുഖത്തിന്നു പെട്ടൊന്നൊരു പ്രകാശം വന്നു.

ദിവസം അടുത്തുവരുന്തോറും വിവാഹാഘോഷങ്ങൾ വൎദ്ധിച്ചുവന്നു. എന്തിനധികം പറയുന്നു. 14-ാംനു-യും ആയി.

സമയം ഗ്രീഷ്മകാലത്തിന്റെ അവസാനത്തിലുള്ള ഒരു പ്രഭാതമായിരുന്നു. ഒരു സുദിനത്തെ സൂചിപ്പിച്ചുംകൊണ്ടു അതിശുഭ്രമായ ആകാശം വനകുസുമങ്ങളുടെ ആമോദത്തെ പരത്തികൊണ്ടിരിക്കുന്ന മന്ദമാരുതനൊന്നിച്ചു കളിയാടി കൊണ്ടിരിക്കുന്നു. സൂൎയ്യോദയത്തിലെ നൈൎമ്മല്യവും മനോജ്ഞതയും ജനങ്ങളുടെ മനസ്സിനെ മയക്കുന്നു. ഇപ്രകാരമുള്ള സമയത്തിൽ സരോജിനി ജനാൎദ്ദനനെ ഹാരമണിയിച്ചു.

ശുഭം.

# ഹൃദയഗീതം.

——:0:——

(എൻ. പി. ദാമോദരൻ; പഴയ വിദ്യാർത്ഥി).

(നതോന്നത).

വെൽക! വെൽക!! പരിപൂർണ്ണപ്രണയമേ, കലകളെ-
പ്പുൽകിനില്ക്കും സദാനന്ദസൌന്ദര്യഭാസ്സേ!!!

ആരുമെന്നിൽ കനിഞ്ഞൊരുവാക്കപോലുമരച്ചില്ല;
പാരിനെന്നെ നോക്കിക്കാണാൻ നേരവുമില്ല!
കാലെക്കൂട്ടിക്കഷ്ടപ്പാടിൽ കാലക്ഷേപം കഴിയ്ക്കുവാൻ
കാരണവും കണ്ടീല്ലഞാൻ, കാഴ്ചയില്ലാത്തോൻ.
ജീവിതത്തിലറങ്ങി ഞാൻ നടക്കുമ്പോൾ, ക്രൂരിരുളിൽ
കൈവിളക്കുകാട്ടിത്തരാനാരുമില്ലെന്നും,
ആലോചിച്ചു ഘോരദുഃഖനിമഗ്നനായ്ത്തപ്പിത്തപ്പി-
ക്കാലുമൂന്നിനടന്നല്പം ദൂരം ചെന്നപ്പോൾ,
എന്തുഭാഗ്യം! മൃദുസ്മിത ദീപമേന്തിനിൽപുണ്ടൊരാൾ
ഹന്ത! പുണ്യം!! കണ്ണേ, നിൻെറ പാപംനശിച്ചു!!!
ഭാവിമാർഗ്ഗം നിർണ്ണയിച്ചെൻ ഗതിനയിയ്ക്കുവാൻ വന്ന
പാവനമാം പ്രേമദീപം പ്രോജ്വലിയ്ക്കട്ടെ!

II.

മൽചരിതം ബദ്ധപ്പെട്ടു സൃഷ്ടികർത്താവെഴുതുമ്പോൾ,
തൽകരത്തെക്കുസലെന്യേ തടഞ്ഞുനിർത്തി,
"നിർത്തുകെ,ൻെറ ജീവരക്തമഷിയിലേ ബാക്കിഭാഗം
തീർത്തെഴുതാൻ തീർച്ചതന്നേ തരപ്പെടുള്ളൂ".
ആത്തേൻമൊഴിയാളൊരുവൾ, പരിശുദ്ധ പ്രേമധീര
തീർത്തിവണ്ണം ചൊൽകിലാരു തെററിനടക്കാൻ?
വിഭാതത്തിൻ സ്വർണ്ണമഷിക്കുപ്പിയിൽ മുക്കിയ തൂവൽ
നഭസ്ഥലത്തെൻെറ കഥാകാര്യം കുറിച്ചു.
മർമ്മരത്താൽ പത്രാവലിയതു പാടിപ്പൂന്തെന്നലിൽ
ചിന്മോഹന നൃത്തമാടീ, സുമം ചിരിച്ചു.
അദൃശ്യമാം, മേതോമൃദുകരതലമെൻ ഹൃദയ—
മൃദംഗത്തിൽ താളമേളം പൊടിപൊടിച്ചു!
വിരൂപമെൻ വദനവും നിൻചുംബനശ്രീ ചേർന്നപ്പോൾ
വിഭാതമേ, മലരൊളി മനോജ്ഞമായി!

## III

വെൽക! വെൽക!! പരിപൂൎണ്ണപ്രണയമേ,കലകളെ-
പ്പുൽകിനില്ക്കും സദാനന്ദസൌന്ദൎയ്യഭാസ്സേ!!!
ദമ്പതിമാർ, ഞങ്ങളുടെ നിശ്വാസമാം തെന്നലേററു
വെൺപുഞ്ചിരി തൂകിത്തൂകി, പ്രേമപത്മങ്ങൾ
ലാലസിയ്ക്കെ,സസന്തോഷം ദാമ്പത്യപ്പൊയ്കയിൽ ജല-
ലീലയാടാൻ സാധിക്കുന്ന സുദിനമേതോ?
ലോകത്തിന്റെ തിരിച്ചിലിൽ മാറിമാറിക്കാണപ്പെടും
ശോകസുഖങ്ങളിലൊരേ പരമാനന്ദം
അനുഭവിച്ചുന്നു ഞങ്ങളുലകിനെയെടുത്തൊരു
വിനോദാൎത്ഥം മാറിമാറി,യമ്മാനമാടും!
കാലമേ, നിൻപഞ്ചാംഗത്തിൽ ഞങ്ങൾക്കൊരുമുഹൂൎത്തവും
കാണുന്നില്ലേ?, യേറ്റവേഗം മറച്ചുനോക്കു.

---

# SAYINGS
## OF
# *Swami Vivekananda.*

Work is Worship.

Where should you go to seek for God,—are not all the poor, the miserable, the weak, Gods?

May I be born again and again and suffer a thousand miseries so that I may worship the only God that exists, the only God I believe in, the sum-total of all souls; and above all my God the wicked, my God the miserable, my God the poor of all races and of all species, is the special object of my worship.

Each soul is potentially divine. The goal is to manifest the divinity within, by controlling nature external and internal. Do this either by work, or worship, or psychic control, or philosophy, by one or more, or all of these, and be free. This is the whole of religion. Doctrines, dogmas, or books or temples, or forms are but secondary details.

I do not believe in a religion or God which cannot wipe the widows' tears or bring a piece of bread to the orphan's mouth.

Let us ourselves be Gods and help others to be Gods. **BE and MAKE.**

I consider that the great national sin is the neglect of the masses, and that is one of the causes of our downfall. If we want to regenerate India we must work for them.

As long as **"TOUCH-ME-NOT-ISM"** is your creed and the kitchen pot your deity, you cannot rise spiritually.

Strength, strength is what the Upanishads speak to me from every page. Strength, Oh man, strength, say the Upanishads, stand up and be strong.

Arise! Awake! and stop not till the Goal is reached!

[These notable and characteristic sayings of Swami Vivekananda—the greatest exponent of common sense in religion—were sent to us by Principal A.V.K.Krishna Menon, M.A.B.L.,L.T.]

# TIGER! TIGER!

*By E. Vijaya Raghavan Unni.* (Senior Intermediate)

We were seated on a hillock. It was five o'clock on an April afternoon; the sun, a ball of fire low down in the sky, poured down his golden light over vast fields yellow with the ripe harvest and on green meadows on which herds of cattle grazed in peace. It was a soothing time; cool with gentle breezes blowing up from the river not far off, the serpentine course of which was one of the boundaries of our village. From where we sat we had a panoramic view of the surroundings, the distant row of houses in the village, the herds of cattle, the work men returning to their homes, the green meadows, the sky with a few floating clouds. It was a sight beautiful enough to dissolve a Wordsworth into ecstasies "and bring all the heaven before his eyes".

There were four of us on that hill. At our head was Raghavan who had just taken his B.A. degree at Madras and was never tired of pouring forth his accounts of the various sights and scenes of "that great city,"—the Elphinstone Talkies, the People's Park, the magnificent harbour and a great many other things. He had an inexhaustible store of circumstantial anecdotes about his friends at Madras, and always ended with bragging about his own various accomplishments. Sankar was, so to say, the court-fool of our party who always entertained us with his inimitable mimicry and his never-failing jokes. He had left school early, but had travelled widely and had a considerable amount of worldly knowledge. The third was the taciturn Narayanan. Except for a word or two thrown in occasionally, he did not contribute to our conversation. He had calm eyes and his manner was quiet, almost to diffidence.

Raghavan was on his favourite subject, the great and marvellous city of Madras; an unusually boring anecdote was coming to a close, when our talk shifted to animals, it being occasioned by the whine of a jackal in one of the crevices of the rock on which we were seated. Raghavan immediately started to tell us that even if a tiger appeared at that instant, he would attack it and if needed, sacrifice his life (to use his own words) on the altar of friendship; and Sankar was profuse in his accounts of marvellous feats accomplished in youth and added that he would defend us whatever happened. Narayanan was silent as usual. Raghavan was big and muscular; Sankar wily and resourceful; I listened to them as they talked of different ways of outwitting animals, in some wonder, but presently grew tired of the talk; and voted for a game of cards. The three fell in with my plan. A circle was formed and while the cards were being dealt, Sankar placed a Pickwickian snuff box in the middle to enliven our spirits when depressed by boredom or ill-luck.

The game went on, and it was very interesting to notice how differently each reacted to its chances; Raghavan swore and raved; Sankar was alternately exultant or dejected: Narayanan was uniformly sullen. We played for an hour at least. By this time, the sun had gone down and twilight fallen; suddenly in that dead silence a loud and bewildering roar, as of a lion was heard so close to where we sat that we quite jumped in our terror. I felt my hair tingle at the roots. At that instant it seemed to me that something not unlike a tiger, though I could not make out its shape in that gathering darkness,—was slinking about

near the bushes and, I shouted aloud: "Look out! I see something moving near those bushes! A tiger! tiger!"

Raghavan had hitherto been a sort of Jack the giant killer among us and in his usual talk very often bragged about his bravery and related, how he had, at Madras, once beaten off two stout and robust robbers and such like stories. He was now so terrified as to be unable to run; his limbs were paralysed and he tumbled down over the rock and lay there trembling, his leg bruised badly. As for my friend. Sankar, he kept all his faculties and showed a clean pair of heels. For my part, I was, it was said afterwards by my friend Narayanan, seen leaping over the bunds of the fields like an Olympic champion. Narayanan was left alone on the rock but he had not the cowardice of his friends. On the contrary, he reviewed the whole landscape around him with a calmness which would have exceeded that of a painter trying to sketch the variegated scenery.

In a few minutes Sankar was heard shouting at the top of his voice bidding us have no fear "Hallo! my friends," he shouted, "it is only a tame elephant that has just set you all leaping and rolling." But Raghavan who was now near him and had now awoke from his late stupor could not believe it. "No, I can't believe it" he, exclaimed in a faint voice " A movement was seen among the bushes a little while ago" Narayanan told him that it it was only some small creature, moving about, a mongoose or a civet-cat.

By this time I had joined them and it occurred to my mind that the noise had been produced by a temple elephant which was being washed in the canal, and had been brought for the car festival in our village which was to come off the next day.

The night having set in, we set out on our return journey, all the way commending Narayanan on his courage and presence of mind. As for Sankar, it was only when he was in the very midst of us that he dared to utter his experience when first he heard the noise. We reached our village, not without difficulty, for in the gathering darkness we could not make out any object clearly. After having exchanged hearty "good nights" we wended our way separately to our homes.

Raghavan from that time lost his leadership and would never boast when in our company of victorious assaults on robbers and wild animals. But the grandeur of Madras persisted, and a week later he was going strong again on the glories of the Marina and the Esplanade.

# ലോകം മഹാമായ.

(ഗാഥ.)

(കെ. ദാമോദരമേനോൻ, സീനിയർ വിദ്യാർത്ഥി.)

പണ്ടുകാലത്തൊരു യോഗി മിഥിലയി-
ലുണ്ടായിരുന്നു സരസ്വാമി.
“ലോകംമഹാമായ,യാതൊന്നുമായതി-
ലോർക്കിലില്ലെ”ന്നു വാദിക്കുംതാൻ.
മൂർഖരാംശിഷ്യരും ധാരാളമുണ്ടായി-
ത്തക്കാലമക്കൂടസന്ന്യാസിക്കു്
ഇങ്ങിനെ സാധുക്കളോടു പകിട്ടോതി-
ബ്ഭംഗിയിൽ കാലംകഴിക്കുംകാലം.
മത്തഗജമൊന്നു വന്നിട്ടുസ്വാമിയെ
കുത്തുവാനായടുത്തപ്പോഴേയ്ക്കും,
ഓടിത്തുടങ്ങിനാൻ ശിഷ്യന്മാരെവിട്ടു
മൂഢനക്കാപട്യവീടാംയോഗി.
പിന്നാലെയാനയുമോടുന്നതുകണ്ട-
സ്സന്ന്യാസിപേടിക്കടലിൽമുങ്ങി,
പപന്ഥാവിൽക്കണ്ടൊരു പൊട്ടക്കിണററിലെ-
യ്യന്തർഭ്രമത്തോടെ ചാടിയായാൾ.
അല്പംകഴിഞ്ഞിട്ടാമത്തേഭൻപോയപ്പോ-
ളല്പേതരം നിജ ശിഷ്യരെത്തി.
ആയവരെക്കണ്ടനേരത്തസ്സന്ന്യാസി
ധൈര്യംവിട്ടർത്ഥിച്ചാൻ രക്ഷിയ്ക്കുവാൻ.
മെല്ലെയസ്സന്ന്യാസിയുള്ളകിണററിലേ-
യ്ക്കുല്ലാസമോടവരെത്തിനോക്കി;
വന്നചിരിയെയൊതുക്കിയശ്ശിഷ്യന്മാർ
ചൊന്നൊരസ്സന്ന്യാസിതന്നോടായി:—
“ഇക്കാണ്മതൊക്കെയും മായയാണെന്നന്നു
ചൊൽക്കൊള്ളും സ്വാമിയരുളീട്ടില്ലേ?
പിന്നെയെന്താണിപ്പോൾ ദുഃഖിക്കുവാൻ ഹേതു?
ചൊന്നാലും, സദ്ഗുരോ! ദിവ്യയോഗിൻ!”
ചൊല്ലിനാൻ സന്ന്യാസി,“യെന്നെക്കരേറുവിൻ,
ചൊല്ലുവനായതിൻശേഷമെല്ലാം”
ചൊല്ലിത്ഥംകേട്ടോരശ്ശിഷ്യന്മാർ യോഗിയെ
ത്തെല്ലുവേഗത്തിൽ കരയ്ക്കെടുത്തു;
മുക്തനായപ്പോഴസ്വാമിശിഷ്യന്മാരോ-
ടോതിനാനാനന്ദത്തോടുകൂടി:---
“ഓർത്താലിക്കാണുന്നതൊക്കെയും മായയാം,
മത്തേഭൻവന്നതും മായതന്നെ;
ആനയെൻപിന്നാലെയോടിയെന്നുള്ളതും,
ഞാനക്കിണററിങ്കൽ വീണെന്നതും,
നിങ്ങളെന്നെക്കരകേററിയെന്നുള്ളതും
മങ്ങാതെപാർക്കുകിൽ മായതന്നെ;
ഓർക്കുകിലിന്നൊന്നുമുണ്ടായിട്ടേയില്ല,
കേൾക്കുവിൻ ചൊൽക്കൊള്ളും ശിഷ്യന്മാരേ!”
ഇത്തരം യോഗിതന്നുത്തരം കേട്ടുള്ളോ-
രത്തവ്വിൽ ശിഷ്യർക്കു കോപംവന്നു,
ആയവരെല്ലാരും കൂടിയസ്വാമിയെ
“മായയാണെ”ന്നോതിക്കൈപിടിച്ചു,
ഏററംബലംപ്രയോഗിച്ചുകിണററിലേ-
യ്ക്കൊട്ടുംമടിയ്ക്കാതെ തള്ളിവിട്ടാർ,

എന്നതിൻശേഷമസ്സന്ന്യാസിയോടിത്ഥം
മന്ദേതരമവർചൊല്ലിപ്പോയാർ:—
“ലോകം മഹാമായ,സ്വാമികിണററിങ്കൽ
പോക്കുന്നതും മായ, എല്ലാംമായ!”
കാൎയ്യം പരുങ്ങലിലാണെന്നറിഞ്ഞപ്പോൾ
നേരിത്ഥമോതിയസ്സന്ന്യാസിതാൻ:—

“അല്പല്ലെനിയ്ക്കൊട്ടു തെററിപ്പോയ്
കേട്ടാലു-
മെല്ലാവസ്തുക്കളെമുള്ളതുതാൻ;
മത്തേഭൻകുത്തുവാൻവന്നതും സത്യം, ഞാ
നത്തവ്വിൽ പാഞ്ഞതും സത്യംതന്നെ
ഞാനിക്കിണററിൽക്കിടക്കുന്നതും സത്യ-
മാണതിനാലെന്നെ രക്ഷിയ്ക്കുവിൻ!”

# A Mother's Heart.

By

K. G. Parameswaran, (Senior Intermediate.)

OFTEN when in a contemplative mood, I fall into a fit of gloomy despondency, when I am envenomed by unpleasant thoughts and feelings which wound my heart deeply and affect my health perceptibly. Most conspicuous among those sentiments is the bitter recollection of my early childhood, when my loving mother closed her eyes upon this world, and I was bereft of all that only a mother's affection can do to build up the MAN.

Not then was I conscious of the loss of a life so needful for my perfection; I hardly bemoaned her death. Childish curiosity (I have heard since,) ventured a question or two; but being repeatedly informed in a pathetic tone and faltering words that my mother was dead, I asked no more. It conveyed nothing to me; sad thoughts were drowned in the playful disposition characteristic of the period.

The realisation of the value of a thing is best made in its absence. I was fully convinced of it once, when I was an ear-witness to a heated discourse that raged between an ardently affectionate mother, and an irascible son.

I was just repairing home after making a call at a friend's, when a stentorian voice from the inner part of a house attracted my attention. I looked for the source, and in another instant I discerned it to be from an acquaintance, assailing his mother with opprobrious names. I heard him rave and blaspheme, screech and hiss. Politeness required that should proceed homeward; curiosity detained me there.

"Why," says she "can you not tolerate a word of censure from me,—me, that have so tenderly brought you up, me, that is the sole cause of your very existence? A character without a disparagement is a noble thing. Natesan is of that rare type. He tells me that you are in bad company. You are being spoiled. You are breaking my heart." "You wretch", roared the son, "can't you hear me? Are you a muff? Faithless brute! Not a day passes without your insulting me. I will not stand it any longer. Don't try to threaten me. The world is wide."

I went home. That one should so spurn the rarest of all youth's blessings hurt me deeply. I would have given anything to have my mother back that her love might light my erring feet........ Months had passed. On a Saturday evening I went to the pictures. There I descried the acquaintance. I went to him, and asked,

"How do you do?"

"Tolerably well" he calmly answered.

I invited him to tea; but he refused with a "thanks," and being of an expansive temperament, told me in detail how his mother was the victim of a fatal kind of heart-disease; how she constantly harped upon his being by her side. "And further," continued he, "she does not know that I am here. She will now be waiting for me. I shall take some other opportunity to come to you, Good bye." What a welcome change from that even-

I was right glad to deny myself the pleasure of his company for the satisfaction of a dear, loving mother.

# A Letter: on Addisonian Egotism.

[We heartily commend this clever paper to our readers for acuteness and independence of judgment. ED.]

SIR,—Joseph Addison is one of the most important figures in the history of English literature. He is one of the fathers of English Prose style, a fine critic and a moralist of a human and tolerant variety. He is one of the most individual literary men England has seen. Rare gifts of expression, and a sane outlook on life, modified by benevolent censoriousness, made him a much-worshipped idol in literary circles. A careful reader, a yet more careful writer, and a notable judge, he adorns an elevated sphere in the minds of his readers.

But then, there is in him an undetected fault. It is nothing but the fault that he detects and attacks in others, Egotism. In his essay on 'Cowely and Montaigne,' Addison describes Cardinal Wolsey as a most 'violent egotist and Montaigne as most eminent egotist." If these judgments do not violate truth, then Addison is himself undoubtedly a most clever egotist. I will attempt a justification of this statement.

Much of the most valuable work of Joseph Addison appears under the name of a fictitious personage called the 'Spectator' through this assumed person he gives vent to his critical ideas adding at the same time by subtle implication his own personal qualities and capacities. In his essay 'On Cowley and Montaigne' there appears a sentence: "In works of humour espectally when a man writes under a fictitions personage, talking of one self may give some diversion to the public." It ls under this statement that Addison fortifies his own egotism. Writing under a "fictitions personage," of cou[illegible] may give some diversion to the Public, but it cannot conceal the really egotistic mentality of the author. Throughout his essays Addison stoops to a disguised way of self-praise. In this particular essay, there are many instances of self-praise that drive us to the conclusion that Addison is fond of self-advertisement. Consider these sentences: "I mean those empty conceited fellows"; "I have often reprehended him out of Terence," I recommended to his perusal the Oxford and Cambridge jests". Do they not show conscious superiority? Though they are represented to have been uttered by his fictitions character "The Spectator" the real speaker is none other than Addison, himself. Those sentences most decidedly show that Addison is fond of self-praise. Most of his readers seem to forget this side of his writings, in their anxiety to honour him.

Who can have read Addison without seeing that he is an ardent but clever egotist? He who speaks of Cardinal Wolsey as a 'violent Egotist' and Montaigne as an 'Eminent Egotist' attempts to disguise his own egotism, his own gravest fault, by a clever but none the less betraying disguise, an assumption of critical benevolence. His greatness as a writer, his undoubted literary excellence saves him from odium. Whether he writes under an assumed character, or in the first person, he appears to be equally self-complacent and assertive. The sentences already quoted decidedly exhibit this failing. He stands condemned out of his own mouth. The avowed purpose of the Tatler and Spectator, the criticism of the learning, and morals, and social foibles of the age, indicates a sense of superiority which however justified by [illegible] abilities, cannot but raise a smile. Every paper he wrote reveals the same tenor and quality, is too censurious for one who advises rigid suppression of self.

Alexander Pope felt somewhat like

this, though he was more vitriolic. You may remember his well-known lines on Atticus listening complacently to the applause of his little Senate and "damning with faint praise" the works of his contemporaries. Pope has been much blamed for the sneer, but Addison's grudging reserve in criticism so different from Johnson's downright likes and dislikes, had its roots, perhaps, in the weakness. I have pointed out.

My criticism may seem to be a glaring outrage upon the undisturbed reputation of a great man, who has not hitherto, been assailed on the score of egotism, or any other weakness. Pardon my audacity if you can, but help me to a solution.

Inviting an answer,

Your obedient servant,

P. M. Gopinathan,

(Senior Intermediate.)

# Our Competition Page.

In the 'Missing Words' competition published in the last issue of the magazine, the prize was awarded to V. Rama Iyer of the Senior Intermediate class. With the missing words supplied the verse will read thus:

"A *sutler* sat in his *ulster* grey
Watching the moonbeams' *lustre* play
On a keg that in the bushes lay
'Thou *rulest* the weak, thou *lurest* the strong;
The *result* of great battles to thee may belong,'
And the leaves with a *rustle* took up the song.

The following six students had also sent in correct solutions:—

1. K. C. Govinda Menon (S. I.)
2. K. Sekharan Nambiar (who was reading in the VI Form last year.)
3. M. Viswanatha Menon (who was in the S. I. last year.)
4. P. Govinda Menon (S. I.)
5. S. Krishna Iyer (S I.)
6. T. M. Bhaskaran Nedungadi (J. I.)

My congratulations to these six. There was one incorrect solution, the author of which did not apparently understand the question.

## Number Recreations.

1. Out of the digits 0, 1, 2, 3, 4, 5, and 6, get three numbers, the first of which when divided by the second will give the third as the quotient without any remainder, *each digit being used but once.*

2. Find a number the square and the cube of which contain all the the digits from 0 to 9 once and once only.

3. Find two numbers which are such that the difference of their squares is a perfect cube and the difference of their cubes is a perfect square.

I shall award prizes to the senders of the corrct solutions of *all the above three questions.* Mark the covers containing your solutions "Number recreations." The competition is, as usual, open only to the present students of the college who purchase copies of this issue of the magazine.

A. V. K. Krishna Menon.

# സൌന്ദൎയ്യം

(സി. കേ. രാജാ.)

ഏതു വസ്തുവിന്നും നമ്മുടെ മനസ്സിനെ ആകൎഷിക്കുന്നതിന്നു ശക്തിയുണ്ടാക്കുന്ന ഒരു ഗുണമാണ് സൌന്ദൎയ്യം. എന്നാൽ ഇതിന്റെ സ്വഭാവമെന്താണെന്നു് ആലോചിച്ചിട്ടുള്ളവർ ചുരുങ്ങും. ഒരു വസ്തു സുന്ദരമൊ അല്ലയൊ എന്നറിവാൻ ആൎക്കും പ്രത്യേക ശ്രമം ഒന്നും ആവശ്യമില്ല. എല്ലാവരും ഏറെക്കുറെ സൌന്ദൎയ്യമുള്ള പദാൎത്ഥങ്ങൾ കണ്ടറിഞ്ഞിട്ടുണ്ടാവും. എന്നാൽ മനസ്സിനെ ബലാദാകൎഷിക്കുന്ന സൌന്ദൎയ്യം എന്തൊന്നിനെ അടിസ്ഥാനപ്പെട്ടാണിരിക്കുന്നതു് എന്നു് തിരഞ്ഞുനോക്കുന്നതു് അതിനെ അനുഭവിച്ചറിയുംപോലെ അത്ര എളുപ്പമല്ല. ആ ഒരു അന്വേഷണമാണ് ഈ ഉപന്യാസത്തിന്റെ വിഷയം.

നാം ലോകത്തിൽ രണ്ടുവിധത്തിലുള്ള വസ്തുക്കളെയല്ലെ കാണുന്നുള്ളു. ഒന്നു പ്രാകൃതവും മറേറതു് കൃത്രിമവും. നമ്മുടെ ഇന്ദ്രിയങ്ങൾക്കു് ആഹ്ലാദം നൽകുന്നതായ ഏതു് വസ്തുവിലും നാം സൌന്ദൎയ്യം അനുഭവിക്കുന്നു. രൂപം, രസം, ഗന്ധം, സ്പൎശം, ശബ്ദം എന്നീ അഞ്ചു വിഷയത്തിലും സൌന്ദൎയ്യമുണ്ടു്. സുന്ദരമായുള്ള ഒരു രൂപം പോലെ മധുരമായ ഒരു ഗാനം എന്നു ഓരോ ഇന്ദ്രിയവൃത്തി അനുസരിച്ചു വ്യവഹരിക്കുമ്പോൾ ശബ്ദവ്യത്യാസത്തോടുകൂടിയാണു് നാമുപയോഗിച്ചു വരുന്നതു് എങ്കിലും വാസ്തവത്തിൽ ഇവയെല്ലാം ഒരൊററ ഗുണ പൌഷ്കല്യത്തെയാണു് കുറിക്കുന്നതു്. അതുകൊണ്ടു് വ്യസ്തേന്ദ്രിയവൃത്തിവിഷയങ്ങളായ രൂപാദികളല്ല സൌന്ദൎയ്യാധിഷ്ഠാനമെന്നു വരുന്നു. ഇവക്കെല്ലാം ബാഹ്യമായും ഇവ എല്ലാററിലും വ്യാപരിച്ചുകൊണ്ടിരിക്കുന്നതായും ഒരു തത്വം വേറെയുണ്ടു്. അതാണു് ജീവചൈതന്യം. ഇതിന്നൊരു ഉദാഹരണം പറയാം. അംഗപ്രത്യംഗഘടനയിൽ ചതുരവും കൌതുകാവഹവുമായ ഒരു രൂപം ഒരുവന്നുണ്ടെന്നിരുന്നാലും നിശിതമായ ബുദ്ധിവിശേഷം വാക്കിലും അക്ഷയ്യമായ ഒരുത്സാഹം പ്രവൃത്തിയിലും ഈ സുരൂപത്താൽ സൂചിക്കപ്പെട്ടിട്ടുള്ള ജീവചൈതന്യലക്ഷണമായി കാണപ്പെടാത്തപക്ഷം അവന്റെ രൂപം നമ്മെ സ്ഥിരമായി ആകൎഷിക്കുന്നില്ല, എന്നു മാത്രമല്ല ഒരുപക്ഷെ കാലക്രമത്തിൽ നമ്മെ വെറുപ്പിക്ക കൂടി ചെയ്യും. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു് രൂപത്തിന്റെ ചതുരതയിലല്ല സൌന്ദൎയ്യം ഇരിക്കുന്നതു്, ജീവചൈതന്യസ്ഫുരണത്തിലാണു് എന്നാണു്. എത്ര സുഖമായുള്ള ശാരീരത്തോടുകൂടിയവനായാലും രാഗത്തിന്നും താളത്തിന്നും മേളത്തിന്നും ശ്രുതിക്കും യോ-

ജിക്കാത്തതായ ഒരു പാട്ടുകേൾക്കുമ്പോൾ നമുക്ക് നീരസം തോന്നുന്നു. എത്രതന്നെ ശില്പവൈദഗ്ദ്ധ്യത്തോടുകൂടി പണിചെയ്യപ്പെട്ടതും മൃദുസ്പർശം ആയ ഒരു കൃത്രിമശിശുരൂപം ഏതു് അംഗങ്ങളിലും ജീവചൈതന്യം വഴിഞ്ഞൊഴുകിക്കൊണ്ടു് സർവ്വദാ വ്യാപരിച്ചുകൊണ്ടു് കളിച്ചു പുളക്കുന്നതായ ഒരു കുട്ടിയെ തഴുകുമ്പോളുണ്ടാവുന്ന ഒരു സുഖം നമുക്കു് സ്പർശിക്കുമ്പോൾ തരുന്നില്ലെന്നുള്ളതു് നിർവ്വിവാദമാണല്ലോ. ഇങ്ങിനെ ഗന്ധരസാദികളിലും ഈ ജീവചൈതന്യത്തിൻെറ സ്ഫുരണമാണു് നമ്മളിലുള്ള സ്വപ്രകാശത്തെ തട്ടിയുണർത്തി നമ്മെ നിർവൃതിയടയിക്കുന്നതു് എന്നു നമുക്കു എളുപ്പത്തിൽ മനസ്സിലാക്കാം. ജീവചൈതന്യസ്ഫുരണമാണു് സൌന്ദര്യത്തിന്നാധാരം എന്നാണല്ലോ ഇവിടെ സ്ഥാപിച്ചതു്. അങ്ങിനെയാണെങ്കിൽ പ്രാകൃതവസ്തുക്കളെക്കുറിച്ചല്ലാതെ കൃത്രിമവസ്തുക്കളെക്കുറിച്ചു ഈ തത്വം ശരിയാകുമോ എന്നു ചിലർ ശങ്കിക്കുമായിരിക്കാം. എന്നാൽ കൃത്രിമവസ്തുക്കളിലും ജീവചൈതന്യലക്ഷണമായ ചില കലാകുശലതയിലാണു് ഹൃദയാവർജ്ജകത്വം ഇരിക്കുന്നതു് എന്നാണു് ഞാൻ ശഠിക്കുന്നതു്. ഒരു ചിത്രത്തിൻെറയൊ വെണ്ണക്കല്ലുകൊണ്ടോ മററൊ പണിചെയ്തിട്ടുള്ള ഒരു വിഗ്രഹത്തിൻെറയൊ സജീവത്വം മുഖത്തും കണ്ണിലും സ്ഫുരിക്കുന്ന ഭാവരസാദികളെക്കൊണ്ടാണു് നാം അറിയുന്നതു്. ഇതിലും സങ്കല്പവ്യത്യാസം അനുസരിച്ചു് തന്മയത്വം തോന്നിക്കുന്നതായിരിക്കണം ആ ജീവചൈതന്യസ്ഫുരണം. ഒരു ബാലനും, വൃദ്ധനും ഒരു സ്ത്രീക്കും പുരുഷനും ഒരു സ്വസ്ഥനും രോഗിക്കും അതാതിൻെറ സങ്കല്പമനുസരിച്ചുള്ള ചൈതന്യം അതിൻെറ സ്ഥാനങ്ങളായ കണ്ണു്, മുഖം ഇവയിൽ പ്രത്യക്ഷപ്പെട്ടു കാണാത്തപക്ഷം നമുക്കു ആഹ്ലാദം ഉണ്ടാകുന്നതല്ല. കെട്ടിക്കണ്ടാൽ എത്രനല്ല വേഷമായിരുന്നാലും യാതൊരു രസഭാവാദിയും മുഖത്തു് സ്ഫുരിക്കാത്ത ഒരു നടൻെറ നടനം നമുക്കു് സഹ്യമല്ലാത്ത ഒരു കാഴ്ചയാണു്. എത്രതന്നെ ശാസ്ത്രം ഗ്രഹിച്ചിരുന്നാലും എത്രതന്നെ അഭ്യാസബലമുണ്ടായിരുന്നാലും ഹൃദയത്തിൽ തട്ടി ഒരു വികാരാവേശത്തെ ഉല്ബോധനം ചെയ്യാത്ത ഒരു പാട്ടു നമ്മെ ആകർഷിക്കുന്നില്ല. നേരെ മറിച്ചു് ഒരു ബാലനിൽനിന്നു സന്തോഷാവസരങ്ങളിൽ ഉദിച്ചുയരുന്ന ആ അസംസ്കൃതഗാനം നമ്മുടെ മങ്ങിക്കിടക്കുന്ന മനസ്സിനെ കുളുർപ്പിക്കയും മറപ്പിക്കയും ചെയ്യുന്നു. അസംസ്കൃതമാണെങ്കിലും നിഷ്കളങ്കമായ ഒരു മനസ്സിൻെറ ആഹ്ലാദം ശബ്ദധാരയായി ഉൽഗളിക്കുന്നമ്പോൾ ആ രസത്തിന്നു് അനുഗുണമായ ഒരു രാഗത്തിലും താളത്തിലും ശ്രുതിയിലുമെ വരുവാൻ നിർവ്വാഹമുള്ളു. അതു മററു കാരണങ്ങളാൽ ദുഷിച്ചിട്ടില്ലാത്ത ഒരു ഹൃദയത്തെ ആവർജ്ജിക്കയും ആ രസാസ്വാദത്തിൽ ലയിപ്പിക്കയും ചെയ്യും. ആദികവി വാത്മീകിയുടെ ശോകം ശ്ലോകത്തിൽ ആവിർഭവിച്ചതും ഒരു പ്രസന്നമായ പ്രഭാതത്തിൽ പെട്ടെന്നു് ബൈറൻ കവിയായിത്തീന്ന

ത്തും ഈ തത്വത്തെയാണ് വെളിപ്പെടുത്തുന്നതു്. ഭവഭൂതി പറയുംപോലെ "വലിയ മഹൎഷികൾ ചൊന്നാൽ ഫലമാവാക്കിന്റെ പിന്നിലോടിവരു"ന്നതും ശ്രീരാമകൃഷ്ണപരമഹംസാദി പുണ്യശ്ലോകന്മാൎക്കു് ഏതു് വിഷയത്തിലും അശിക്ഷിതമായി ജ്ഞാനം ഉണ്ടാകുന്നതും ഈ ആത്മപ്രകാശത്തിന്റെ ബഹിസ്ഫുരണമാണ്. ഇതിന്റെ അല്പാല്പമായ പ്രകാശം ഓരോ വസ്തുക്കളെയും അത്രയത്ര സുന്ദരങ്ങളാക്കിത്തീൎക്കുന്നു.

സൌന്ദൎയ്യത്തിനുള്ള മറെറാരു വിശേഷത എന്തെന്നാൽ അതു ശാശ്വതമാണെന്നുള്ളതാണ്. അതു് ഒരു നിമിഷത്തേക്കു പ്രകാശിച്ചു ക്ഷയിച്ചുപോകയില്ല. അങ്ങിനെ ചില വസ്തുക്കളിലൊ ജീവികളിലൊ നമുക്കു തോന്നുന്നുണ്ടെങ്കിൽ അതു് ആ വസ്തുവിലൊ ജീവിയിലൊ ഏകദേശവൃത്തിയായ ഗുണങ്ങളിൽ പുഷ്കലത്വം കല്പിച്ചു് നമുക്കുണ്ടാവുന്ന ഭ്രമംമൂലമാണ്. പ്രകൃതിയിലുള്ള ഏതു് ശുദ്ധവസ്തുവും സുന്ദരമായിത്തന്നെയാണ് നമുക്കു് അനുഭവപ്പെടുന്നതു്. എന്നാൽ അതു് പ്രകൃത്യനുസാരമായി വളൎന്നു പുഷ്ടിപ്പെട്ടു് അതിന്നു യഥാൎത്ഥസ്വരൂപം ആവിഷ്കരിക്കുവാൻ നിവൃത്തിയില്ലാതെ അതിനെ ചില ദോഷങ്ങൾ ബാധിച്ചുപോകുമ്പോളാണ് അതിന്റെ രാമണീയകത നശിക്കുന്നതും കൃത്രിമമായ സംസ്കാരത്തെ ശരണം പ്രാപിക്കേണ്ടിവരുന്നതും. ഈ കൃത്രിമസംസ്കാരത്താൽ ഉണ്ടാവുന്ന താല്ക്കാലികഭ്രമമാണ്, പലപ്പോഴും നമ്മെ തെററിദ്ധരിപ്പിക്കുന്നതു്. ഇതുതന്നെയാണ് സൌന്ദൎയ്യത്തിന്റെ സ്വഭാവത്തെ ദൂഷിപ്പിക്കുന്നതും. ഒരു സ്ത്രീരൂപമൊ പുരുഷരൂപമൊ അതിന്റെ പ്രകൃത്യനുസാരമായ പുഷ്ടിയും വളൎച്ചയും എത്തി അന്തൎല്ലീനമായ ചൈതന്യത്തെ പ്രകാശിപ്പിക്കുമ്പോൾ അതു് മനോഹരമായിത്തന്നെ ഇരിക്കും. ഇതുപോലെ പശുപക്ഷികീടാദി ഏതു് ജീവിയായാലും അവയുടെ ജീവചൈതന്യത്തെ പൂൎണ്ണമായി ആവിഷ്കരിക്കുന്ന ക്രമാനുസൃതമായി വളൎന്ന സ്വരൂപം ഏവനും ആനന്ദത്തെ ജനിപ്പിക്കുന്നു. അവയവങ്ങൾ ക്രമബദ്ധമല്ലാതെ വളൎന്നതൊ വളൎച്ചക്കു ഹാനിതട്ടിയതൊ വിവൎണ്ണമൊ വിലക്ഷണമൊ ആയൊ ഉള്ള രൂപം ഹൃദ്യമായി ഒരുവനും തോന്നുന്നില്ല.

ഇനി രൂപാദി ഇന്ദ്രിയവിഷയങ്ങളും ആത്മപ്രകാശവും തമ്മിലുള്ള ബന്ധമെന്തെന്നു് ആലോചിച്ചു നോക്കുക. ആത്മപ്രകാശലേശങ്ങളായ വിചാരവികാരാദികൾ എത്ര കൌതുകകരമായ രൂപത്തെയും മലിനപ്പെടുത്തി ബീഭത്സമാക്കുന്നതായും എത്ര വിലക്ഷണമായ രൂപത്തെയും ആകൎഷണീയമാക്കിത്തീൎക്കുന്നതായും നാം പലപ്പോഴും കണ്ടുവരുന്നുണ്ടു്. ഇതിൽനിന്നു രൂപാദികൾക്കു് വാസ്തവമായ ആകൎഷകത്വം ഇല്ലെന്നും അവ അന്തൎയ്യാമിയായ ജീവചൈതന്യസ്ഫുരണമനുസരിച്ചു് ആവിഷ്കൃതമാണെന്നും വെളിപ്പെടുന്നുണ്ടല്ലോ. ഈ തത്വം മനസ്തത്വശാസ്ത്രത്തിലെയും പ്രകൃതിതത്വശാസ്ത്രത്തിലെയും ഒരു പ്രഥമപാഠമാണ്.

# പ്രകൃതിപ്രഭാവം.

പി. ശങ്കരൻകുട്ടി (പഴയവിദ്യാർത്ഥി)

നാന്മുഖൻവാർണ്ണീഷിട്ട മൃന്മയകുംഭങ്ങളിൽ
കണ്ണുംനയുഴിഞ്ഞിട്ട മാനുഷസഹജരെ,
വെള്ളിതൻ പൊള്ളച്ചിരിക്കുള്ളിടമുഴിഞ്ഞിട്ട
മൂഢമാനസന്മാരാം മർത്ത്യസഞ്ചയങ്ങളെ,
ആകെയിപ്പരിഷ്കാരപന്നഗപ്പൂൽകാരത്താ-
ലാകുലരായിത്തീർന്നോരംഗനാരത്നങ്ങളെ,
നമ്മളൊക്കെയുമൊരേ ജീവിത തരണിയിൽ
സഞ്ചരിച്ചീടുന്നൊരു തീർത്ഥയാത്രക്കാരല്ലേ.
കാലവാഹിനിയിങ്കൽക്കൂടിയാണതിദ്രുത-
മാലംബമറ്റൊരിപ്പാഴ്ദ്രോണിക പായുന്നതും.
നോക്കുവിനങ്ങോ—ട്ടൊരുനാഴികനേരം മാത്ര—
മക്കൂലദ്വയങ്ങളിലാടിടും നാടകത്തെ.

ദേവിയാം പ്രകൃതി നൽപാട്ടുകൾ പാടീടുന്നു!
പാവമിങ്ങതിലേതും കൗതുകം പോകുന്നീലെ?
നാണ്യത്തിൻ"ഝണ ഝണ" നിസ്വനശ്രവണത്താൽ
കർണ്ണകൂപങ്ങൾ നിങ്ങൾക്കടഞ്ഞു പോയ്പ്പോയെന്നോ?

*

ഭാസ്വരമൂർത്തിയാകുമംബതൻ ഗീതാമൃത-
മാസ്വാദിപ്പാനായാശയാവഴിക്കോടുന്നീലെ?
കഷ്ടമെ! നൃത്തംവെയ്ക്കും പ്രകൃതിദേവിക്കൊപ്പം
പുഷ്ടമോദേനപറയടിച്ചുകൊണ്ടീടുന്ന
വാരിധിതന്റെ തിരമാലകൾ നിങ്ങൾക്കുള്ളിൽ
നിർവൃതിചേർത്തുപരം നിർഭയരാക്കുന്നീലെ?

കൺമിഴിക്കുവിൻ നിങ്ങളംബതൻ വിശ്വരൂപം
കാണുവിൻ! കൈകൂപ്പുവിൻ! പാട്ടുകൾ പാടീടുവിൻ!
കാണുമതില്ലയോ നിങ്ങളാനന്ദമന്ദാരമാ-
മമ്മയെക്കഷ്ടം! രജതോജ്ജ്വലച്ഛവിയാലെ

---

*അംബ = പ്രകൃത്യംബ

കണ്ണുകൾചിമ്മിപ്പോയൊ? ലൌകികസുഖോക്കട-
കന്മതിൽക്കെട്ടിന്നങ്ങേപ്പുറത്തായ്പ്പോയൊ ദേവി?

പഞ്ചമരാഗംകൊണ്ടു നെഞ്ചകം കുളുർപ്പിക്കും
പൂങ്കുയിൽപ്പൈതങ്ങൾതന്നഞ്ചിതകളഗാനം
പ്രാകൃതദേവിയുടെവീണാനിക്വണത്തിൻെറ
പ്രാഭവമാണെന്നതു പാരിലാരറിയുന്നു!
രാത്രിയായതു പാർത്താലിക്കച്ഛസരോരുഹ-
ഗാത്രിതന്നഴിച്ചിട്ട കുന്തളച്ചുരുളെന്നും,
പ്രോൽഫുല്ലപുഷ്പങ്ങളപ്പാവനാംഗിയാൾതൻെറ
പുഞ്ചിരിക്കുള്ളിൽക്കാണും ദന്തപങ്ക്തികളെന്നും,

മീനകോടികൾമിന്നും വാനമിന്നക്കോമള-
മേനിയെപ്പുതപ്പിച്ചു മുപ്പാരുംമൂടീടുന്ന
മുത്തുകൾ പതിച്ചൊരു, മുഗ്ദ്ധനിർമ്മലനീല-
പ്പത്തോർണ്ണപ്പുടവയാണെന്നതു, മതിൻകീഴിൽ
പൂനിലാവുലാവുന്ന പുണ്യവാഹിനികള-
പ്പൂഞ്ചേലാഞ്ചലത്തിൻെറ വാർവെള്ളിക്കസവെന്നും,
അംബതൻ തൃക്കയ്യിലെക്കനകക്കണ്ണാടിയാ-
ണമ്പിളിയെന്നുമതു വീണുപോമിടക്കെന്നും,
പാരമപ്പരിമളവാഹിയാം പവമാന-
പോതമപ്രകൃത്യംബതൻെറ നിശ്വാസമെന്നും
പാരിലാരറിയുന്നു? പാപമംബതൻനൃത്തം
കാനനനൃത്തംപോലെ, കാണികളില്ലാതായ്പ്പോയ്!

അച്ഛമായെങ്ങും, മഞ്ഞുമുത്തുകൾമിന്നിക്കൊണ്ടു
നിശ്ചലമായിസ്സദാ നിരന്നു വിളങ്ങുന്ന
പച്ചപ്പുൽമൈതാനങ്ങളംബതൻ വിരിഞ്ഞൊരു
പച്ചയാം വില്ലീസ്സണിപ്പൊന്മടിത്തട്ടാണല്ലൊ.
ആടലോടിടയുന്നൊരേവരുമോടിക്കോവിൻ,
തേടുവിൻ, പ്രകൃത്യംബതന്നങ്കസങ്കേതത്തെ
ദന്തപര്യങ്കം, പഞ്ച ഹംസതൂലികാമെത്ത,-
യെന്തിനാണിവയെല്ലാം? നശ്വരസുഖദങ്ങൾ—
കൃസ്തുതൻ പ്രണയാർദ്രാലിംഗന സുഖത്തെക്കാൾ
നിസ്തുലാനന്ദം കാണുമംബതൻ മടിത്തട്ടിൽ

“ദുഃഖഭൂയിഷ്ഠമാണിജ്ജീവിത”മെന്നോതുന്നോ-
രൊക്കെയുമഭയത്തെ പ്രാപിപ്പിൻ വൈകീടാതെ.

കൺമിഴിക്കുവിൻ നിങ്ങളംബതൻ വിശ്വരൂപം
കാണുവിൻ! കൈകൊട്ടുവിൻ! പാട്ടുകൾ പാടീടുവിൻ!
കൺമിഴിക്കുവിൻ! നിത്യസൌഭഗാമൃതപൂരം
കാണുവിൻ! കൈകൂപ്പുവിൻ! കീർത്തനംചൊല്ലീടുവിൻ
ബാഷ്പനിർഝരികൊണ്ടു കാൽകഴുകിച്ചീടുവിൻ!
പുഷ്പമാരിയെപ്പെയ്യിൻ നേത്രാബ്ജമാലകൊണ്ടു!
നിത്യനിസ്തുലമായൊരഴകാണിക്കാണമതു
ദണ്ഡമേല്ക്കുമ്പോഴുടഞ്ഞീടും മൺപിണ്ഡമല്ല!

# *Flotsam and Jetsam.*

## *Of co-eds. in general and Nellie Bell in particular.*

***(Not intended for boys and girls under fifty.)***

Affairs with co-eds, seem doomed to end inconclusively. Boys and girls meet at College very much as wayfarers do at an inn: their relations have the same casualness and impermanence, and the flurry of departure is over them all the time.....................

It is just as well, that this should be so. It would not be altogether good if the young people took themselves too seriously; immediate tasks would fall asunder in neglect, and the fabric of the future might be rent and damaged in the very spinning. Wherefore, the powers and principalities that hover protectingly over learners all the world over have thrown laughter into the scale, to save them from the searing touch of passion.

To most young fellows at College, the co-eds. are puzzling and just a little ridiculous. The normal boy-mind is moved to laughter by their gigglings, shrinkings, their differentness generally. In the class room their presence makes awkward moments more difficult, and at other times they are very much in the way. A very few, perhaps, emotionally more sensitive, hear the faint call of a new unseen world. But self-consciousness and ridicule stifle these vague stirrings at birth; or the first thrillful, awkward attempts at friendship are thwarted by the limelight of College, breaks-up, and the impenetrable remoteness and reserve of home life.

Dom Juan does not flourish in this atmosphere. The type exists, nevertheless, in modified forms, in the big university towns. They are mostly grown-up fellows; a good many are married men; some, gay young sparks from wealthy homes, who patronise the lecture room in their slack hours. Their triumphs are usually outside the purlieus of the Colleges, and little is known beyond vague rumours of squalid doings in an alien, terrifying world. In a few cases I knew, however, the trouble came nearer home, and brought pain and shame into the cloistral sanctity of College life............

It fell to Sadasiva to prevent such a tragedy once.. He cherishes the memory in some pride, though his service was the result of pure chance and had no heroism at all. He seldom speaks of it now, probably because it is such a tame story altogether, but I will tell you about it now, for want of other idleness, in the hope that it will keep you interested for a half-hour when you have nothing particular to do............

Sadasiva is a thin dark fellow with a sun-scorched, hunger-bitten face, a stiff gait (much as if he had swallowed a couple of pokers) and harsh abrupt speech which turns a possible friend into a certain enemy in five minutes. To the world in general his manner is one of severe disapprobation, such as a sergeant might bestow on a body of unpromising recruits. But he is not altogether a bad fellow, I believe; there have been some who thought a lot of him. Let me hope (for the sake of this story) that he was a little less unattractive in his College days; at all events, he was younger and fresher. He was certainly more athletic-looking, I remember, though he hated games with all the passion of the truly lazy: and he wore the odd clothes which the College bucks fondly assumed to be

the latest from Savile Row..............

It was his first year at the University. Queen Mary's had not yet risen from the vasty deep. The College was infested with girls; as variegated as the Hamelin rats, and quite as plaguey. All day in the rooms and passages, they ran and fought and shrieked and squealed; worst of all they made eyes at the susceptibles (whom they spotted unerringly), and then poured stale tea and emptied miscellaneous rubbish on them from stair-heads and upper windows. Rather contrary to the usual tradition, these sojourners had more than the usual quota of good looks. Plain ones there were; but they are meant to be wives and mothers and have no place in a romance, and I will say nothing of them. The goodly ones were quite a bevy. Two or three were beauties, a large number noticeably pretty; of the latter class, but far the most amazingly winsome was Nellie Bell...............

She was an Anglo-Indian—in the best sense, for she had the combined charm of two races,—mostly Anglo-and just a little Indian, enough to make her appeal absolutely complete. Her face, a rare oval, was like a rose in colour and freshness. Her nose was delicately *retrousse*, her mouth small, moist, and smiling as an infant's, her chin well-rounded and decisive. Her eyes were wide, trustful, and divinely grey. Sadasiva had despised the "cat-eyed and copper-haired" foreigner like any country lout. How petty, insular, the prejudice now seemed! Nellie was not "copper-haired;" however; she had voluminous dark hair, which contrasted oddly with that suggestion of Albion's own milk-and-roses which clung about her like a perfume. She was the youngest of the bunch,——she could not have been much over fifteen. Indeed, she had just "joined" that year. Her figure was slight as a child's and beautiful as a song. She walked with a swing, ——oh, so different from the down-cast, along-the-wall slide of the Indian girls! ——a free, fearless, liliting motion, as if to some triumphant soul-music of her own. She was utterly unconscious of herself..............................

Do not laugh, please, but Sadasiva fell for her straight away. The beauties passed him up and down the corridors; their stately charms left him cold. But the tip-tap of Nellie's marching feet brought the blood surging to his head, set his pulses racing, made him breathless and faint. She passed, head high, body swaying lissomely, her voice sounding like the call of a bird; he had a dazed sense of a phantom procession sweeping by, with a blowing of flutes and a ringing of bells, leaving a void of wordless yearning at the end.....................

Even this happened all too seldom, to his way of thinking. She was Intermediate, a couple of classes lower, and it was mostly in off-hours that he saw her, or while changing over from one section to another. He would have given ten years of his life to have her smile at him or talk to him for just a little while. I am afraid he let his work slide, those days. He mooned about in the Hostel and the College, thinking eternally of the girl. He did not know many at the time; nor was he expansive by nature. That was a blessing, for he was spared the merciless chaffing which is all that Romeos at the University get for their pains. Weeks passed................

And then, suddenly one afternoon they met; met literally and rather forcibly, in fact. Sadasiva was rushing down the College stairs (as was his way); rounding the second landing he ran into someone running up quite as heedlessly. The shock was pretty severe, but nothing to the mental shock, for on looking up he saw it was Nellie he had collided with, and Nellie had lost her footing, and was going backwards with a gasping cry. He caught at her arm and jerked her up before she fell. His brain was in a whirl, and he could think of nothing to say or do. She stood there somewhat shaken, and rubbing her arm where Sadasiva had

caught it. "How dreadfully clumsy of you!" she exclaimed, angrily. "I am so sorry," he replied; and then, emphatically: "I am *not* sorry—I am glad, very glad, it was quite pleasant!" She turned rosier than she was, laughed, and ran up the stairs without a word............

